# അല്ലാഹു നമ്മുടെ കൂടെയാണ്

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ اللهُ )
**ഗ്രന്ഥം:** **فتح رب البرية بتلخيص الحموية**
**വിവർത്തനം:** *ഹംസ ജമാലി*

അല്ലാഹു അവന്റെ സൃഷ്ടികളുടെ കൂടെയാണെന്നത് അവന്റെ ഗ്രന്ഥത്തിലും അവന്റെ പ്രവാചകന്റെ നാവിലൂടെയും സ്ഥിരീകരിച്ച കാര്യമാകുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ

''നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ടുതാനും.'' (അൽഹദീദ്:4)

وَأَنَّ ٱللَّهَ مَعَ ٱلْمُؤْمِنِينَ

അല്ലാഹുസത്യവിശ്വാസികളുടെ കൂടെയാണ്. (അൽ അൻഫാൽ:19)

إِنَّنِى مَعَكُمَآ

തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. (ത്വാഹാ:46)

നബി(ﷺ) പറഞ്ഞു:

أفضل الإيمان أن تعلم أن الله معك حيثما كنت

''നീ എവിടെയായിരുന്നാലും അല്ലാഹു നിന്നോടൊപ്പമുണ്ട് എന്ന് നീ അറിയലാണ് വിശ്വാസത്തിലേറ്റവും ശ്രേഷ്ഠമായത്.''

നബി(ﷺ)യും അവിടുത്തെ കൂട്ടുകാരൻ അബൂബക്കർ (رضي الله عنه)ഉം ഥൗർ മലയിലെ ഗുഹയിലിരിക്കുമ്പോൾ നബി(ﷺ) കൂട്ടുകാരനോട് പറയുകയുണ്ടായി:

لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا

''ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്.'' (അത്തൗബ:40)

ഈ സമുദായത്തിന്റെ പൂർവികരും ഇമാമുകളും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്.

المعية എന്നതിന്റെ ഭാഷാർഥം ഒപ്പം, കൂടെ എന്നൊക്കെയാണ്. എന്നാൽ വാചകത്തിന്റെ ഘടനയും സന്ദർഭവുമനുസരിച്ച് അതിന്റെ അർത്ഥവും മാറിയിരിക്കുന്നു.

ചില സന്ദർഭങ്ങളിൽ മറ്റുള്ളവയുമായി ചേരുക, കൂടിക്കലരുക എന്നർത്ഥം വരുന്നു. ഉദാഹരണത്തിന് ഞാൻ പാലിൽ വെള്ളം ചേർത്തു എന്നതിന് അറബിയിൽ جعلت الماء مع اللبن (പാലിനോടൊപ്പം വെള്ളം ചേർത്തു) എന്നാണ് പറയുക.

മറ്റു ചില സന്ദർഭങ്ങളിൽ ഭയപ്പെടുത്തുന്നതിനും താക്കീത് നല്കുന്നതിനുമായി വരുന്നു. ഉദാഹരണം: കുറ്റവാളിയോട് നിയമപാലകൻ പറയുന്നതുപോലെ ''നീ പോ ഞാൻ കൂടെയുണ്ട്'' (اذهب فأنا معك).

മറ്റു ചില സന്ദർഭങ്ങളിൽ സഹായം, പിന്തുണ എന്നീ ആശയത്തിൽ വരുന്നു. ഉദാഹണം: ഞാൻ നിന്നോടൊപ്പമുണ്ട്, ഞാൻ നിന്നോടപ്പമുണ്ട് (أنا معك أنا معك).

ഇങ്ങനെ വാചകത്തിന്റെ ഘടനയും സന്ദർഭവുമനുസരിച്ച് എന്തൊന്നിനോടാണോ ചേർന്നുവരുന്നത് തദടിസ്ഥാനത്തിൽ അതിന്റെ അർത്ഥവും മാറിവരുന്നു. ഇതുപോലെ അടിസ്ഥാനാർത്ഥത്തിൽ യോജിക്കുകയും വാചകത്തിന്റെ ഘടനയും സന്ദർഭവുമനുസരിച്ച് അർത്ഥം മാറിവരികയും ചെയ്യുന്നതിന് ചിലർ مشكّكا (സംശയാസ്പദമായത്) എന്ന് പറയുന്നു. എന്തുകൊണ്ടെന്നാൽ വാചകത്തിന്റെ ഘടനയും സന്ദർഭവുമനുസരിച്ച് അർത്ഥവും മാറിവരുന്നുവെന്നതിനാൽ കേൾക്കുന്നവർക്ക് ഇത് ഒരു പദത്തിന് വ്യത്യസ്ഥ അർത്ഥമുള്ളതായവയിൽ (المشترك) പ്പെട്ടതാണോ? അതോ അടിസ്ഥാന അർത്ഥത്തെ പരിഗണിച്ച് പദവും അർത്ഥവും ഏകോപിച്ചുവരുന്ന (المتواطئ)വയിൽപ്പെട്ടതാണോ? എന്ന് സംശയമുണ്ടാകുന്നുവെന്നതാണതിന്റെ കാരണം.

യഥാർത്ഥത്തിൽ അത് അംഗീകൃതനിയമത്തിൽ തന്നെ പെട്ടതാകുന്നുവെന്നതാണ് വസ്തുത. കാരണം അറബിഭാഷാ പദത്തിന് വ്യത്യസ്ത അർത്ഥകല്പനയാണ് നല്കിയിട്ടുള്ളത്. പദത്തിന്റെ അടിസ്ഥാനാർത്ഥത്തെ പരിഗണിച്ചല്ല മറിച്ച് വാചകത്തിന്റെ ഘടനയും സന്ദർഭവുമനുസരിച്ച് അതിന്റെ ലക്ഷ്യം മാറുന്നതാണ്. പക്ഷേ ഇത് അംഗീകൃത നിയമത്തിന്റെ ഒരു പ്രത്യേക ഇനത്തിൽ പെട്ടതായതിനാൽ പദത്തെ പ്രത്യേകപ്പെടുത്തുന്നതുകൊണ്ട് വിരോധമില്ല.

മേൽപറഞ്ഞത് ബോധ്യമാകുകയാണെങ്കിൽ അല്ലാഹു സൃഷ്ടികളോടൊപ്പമാണെന്നത് ആലങ്കാരികാർത്ഥമല്ല. മറിച്ച് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ തന്നെയാകുന്നുവെന്ന് വ്യക്തമാകുന്നതാണ്. പക്ഷേ ഒരു വ്യത്യാസം മാത്രം അഥവാ അല്ലാഹുവിന്റെ മഹത്വത്തിന് യോജിക്കുന്ന നിലയിൽ സൃഷ്ടികളേക്കാൾ ഉന്നതവും പരിപൂർണവുമായാണ് അവൻ അവന്റെ സൃഷ്ടികളോടൊപ്പമാകുന്നത്. അല്ലാതെ സൃഷ്ടികൾ പരസ്പരം ഒപ്പമുണ്ടാകുന്നതുപോലെയല്ല.

പൂർവികരിൽ ചിലർ അല്ലാഹു അവന്റെ സൃഷ്ടികളോടൊപ്പമാണെന്നതിനെ അവന്റെ സൃഷ്ടികളുടെ എല്ലാ കാര്യവും അറിയും എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. അത് അല്ലാഹു അവന്റെ സൃഷ്ടികളോ ടൊപ്പമാണെന്നത് എല്ലാ സ്ഥലത്തും അല്ലാഹുവിന്റെ ذات (സത്ത) തന്നെ ഉണ്ട് എന്ന ജഹ്മിയാ ക്കളുടെ വ്യാജ വാദത്തെ എതിർക്കുക എന്ന ലക്ഷ്യത്തോടെയാകുന്നു. അല്ലാഹു നമ്മോടൊപ്പ മാണെന്നത് അവന്റെ സത്താപരമല്ലെന്ന് പൂർവികർ വ്യക്തമാക്കിയിട്ടുണ്ട്. കാരണം ബുദ്ധിപരമായും പ്രാമാണികമായും ഇത് നിരർത്ഥകമാകുന്നു. കാരണം അല്ലാഹു സിംഹാസനാരോഹിത നാകുന്നുവെന്നതിന് എതിരാണ് അവൻ സത്താപരമായി സൃഷ്ടികളോടൊപ്പമാകുന്നുവെന്നത്. മാത്രവുമല്ല അങ്ങനെ അവൻ സത്താപരമായി സൃഷ്ടികളൊടൊപ്പമുണ്ടെങ്കിൽ സൃഷ്ടികൾ അവനെ വലയം ചെയ്യുന്നു എന്നും വരുന്നു. ഇത് അസംഭവ്യമാകുന്നു.

അല്ലാഹു അവന്റെ സൃഷ്ടികളുടെ കൂടെയാണെന്നത് രണ്ടുവിധേനയാണ്.

عام (പൊതുവായത്) വിശ്വാസി, അവിശ്വാസി, പുണ്യവാൻ, കുറ്റവാളി, എന്നിങ്ങനെ എല്ലാ സൃഷ്ടികളെയും അല്ലാഹു അവന്റെ അറിവ്, കഴിവ്, തീരുമാനം, അധികാരം പോലെയുള്ള രക്ഷാധികാരത്താൽ വലയം ചെയ്തിരിക്കുന്നു. ഉദാഹരണം അല്ലാഹു പറയുന്നു:

وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ

“നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങുടെ കൂടെയുണ്ടു താനും.” (അൽഹദീദ്:4)

مَا يَكُونُ مِن نَّجْوَىٰ ثَلَـٰثَةٍ إِلَّا هُوَ رَابِعُهُمْ وَلَا خَمْسَةٍ إِلَّا هُوَ سَادِسُهُمْ وَلَآ أَدْنَىٰ مِن ذَٰلِكَ وَلَآ أَكْثَرَ إِلَّا هُوَ مَعَهُمْ أَيْنَ مَا كَانُوا۟

“മൂന്നുപേർ തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാവുകയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായിക്കൊണ്ടല്ലാതെ, അതിനേക്കാൾ കുറഞ്ഞവരുടെയോ കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയായിരുന്നാലും അവൻ അവരൊടൊപ്പമുണ്ടായിട്ടല്ലാതെ” (അൽമുജാദില: 7)

خاص (പ്രത്യേകമായത്) അല്ലാഹു സഹായിക്കുമെന്ന് പറഞ്ഞത് പ്രവാചകന്മാരെയും അവരെ പിന്തുടർന്നവരെയുമാണ്. ഉദാഹരണം: അല്ലാഹു പറയുന്നു:

وَأَنَّ ٱللَّهَ مَعَ ٱلْمُؤْمِنِينَ

അല്ലാഹു സത്യവിശ്വാസികളുടെ കൂടെതന്നെയാണ്. (അൽ അൻഫാൽ:19)

إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ

തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും. (അന്നഹ്ൽ:128)

إِنَّنِى مَعَكُمَآ

തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. (ത്വാഹാ: 46)

لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا

ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്. (അത്തൗബ:40)

ചോദ്യം: അല്ലാഹു അവന്റെ സൃഷ്ടികളുടെ കൂടെയാണെന്നത് അവന്റെ الذاتيةِ (സത്താപരമായ) വിശേഷണങ്ങളിൽ പെട്ടതാണോ അതോ الفعليةِ (പ്രവർത്തിപരമായ) വിശേഷണ ങ്ങളിൽപെട്ടതാണോ?

ഉത്തരം: العامة (പൊതുവായത്) അല്ലാഹുവിന്റെ الذاتيةِ (സത്താപരമായ) വിശേഷണങ്ങളിൽ പെട്ടതാകുന്നു. കാരണം അത് എക്കാലത്തും അവന്ന് സ്ഥിരീകരിക്കപ്പെട്ടതാകുന്നു.[1] എന്നാൽ الخاصة (പ്രത്യേകമായത്) അത് അല്ലാഹുവിന്റെ الفعليةِ വിശേഷണങ്ങളിൽപെട്ടതാകുന്നു. കാരണം അത് കാരണങ്ങളെ പിന്തുടരുന്നതനുസരിച്ചാകുന്നു.[2] പ്രവർത്തിയുണ്ടാകുന്ന (അടിമയുടെ സത്പ്രവർത്തി) സന്ദർഭത്തിൽ ഉണ്ടാകുകയും ഇല്ലാതിരിക്കുന്ന സന്ദർഭത്തിൽ ഇല്ലാതാകുകയും ചെയ്യുന്നു.

**അല്ലാഹു സിംഹാസനാരോഹിതനാകുന്നുവെന്നതിനെയും അവൻ സൃഷ്ടികളോടൊപ്പമാകുന്നു വെന്നതിനെയും എങ്ങനെ യോജിപ്പിക്കാം**

വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പായി ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(رحمه الله)യുടെ درء تعارض العقل والنقل (ص 43-44 ج 1) എന്ന ഗ്രന്ഥത്തിൽ കൊടുത്ത ഒരു സുപ്രധാന തത്വത്തെ ചുരുക്കി വിവരിക്കാൻ ആഗ്രഹിക്കുന്നു. രണ്ടു തെളിവുകൾക്കിടയിൽ പരസ്പരവൈരുധ്യമുണ്ടെന്ന് ആരോപിക്കുകയാണെങ്കിൽ ആ രണ്ടു തെളിവുകളും ഒന്നുകിൽ ഖണ്ഡിതമായിരിക്കണം. അല്ലാ എങ്കിൽ ഖണ്ഡിതമല്ലാതിരിക്കണം അതല്ലെങ്കിൽ അവയിലൊന്ന് ഖണ്ഡിതവും മറ്റേത് ഖണ്ഡിതമല്ലാത്തതുമായിരിക്കും. ഇങ്ങനെ ഇവ മൂന്ന് വിഭാഗമാണ്.

**ഒന്ന്:** القطعيان (രണ്ടും ഖണ്ഡിതമായവ): തെളിവുകൊണ്ട് സ്ഥിരപ്പെടുന്നവ ബുദ്ധിക്ക് വിരുദ്ധമായിത്തീരുകയില്ല എന്നതിനാൽ അവ രണ്ടിനുമിടയിൽ പരസ്പര വൈരുധ്യമുണ്ടാവുക എന്നത് അസംഭവ്യമാണ്. കാരണം അവ രണ്ടിനുമിടയിൽ പരസ്പര വൈരുധ്യമുണ്ടാകാമെന്ന് പറയുമ്പോൾ അവയിലേതെങ്കിലുമൊന്നിനെ നിർബന്ധമായും നീക്കം ചെയ്യേണ്ടിവരുന്നു. ഇതും അസംഭവ്യമാണ്. കാരണം പ്രമാണബന്ധമായവ സ്ഥിരീകരിക്കൽ നിർബന്ധമാകുന്നു. ഇനി അവ രണ്ടും പരസ്പര വൈരുധ്യങ്ങളോടെ നിലനിർത്തുക എന്നതും അസംഭവ്യമാകുന്നു. കാരണം അത് രണ്ടു വൈരുധ്യങ്ങളെ യോജിപ്പിലാക്കുന്നു.

ഖണ്ഡിതമായ രണ്ട് കാര്യങ്ങൾക്കിടയിൽ വൈരുധ്യങ്ങളുണ്ടായാൽ ഒന്നുകിൽ അവ രണ്ടും ഖണ്ഡിതമാകാൻ പാടില്ല. അല്ലെങ്കിൽ അവ രണ്ടിനുമിടയിൽ ഒന്നിനെ ഒരു നിലക്കും മറ്റേതിനെ വേറെ നിലക്കും വ്യാഖ്യാനിക്കാവുന്ന വിധത്തിലുള്ള വൈരുധ്യങ്ങളുണ്ടാകാതിരിക്കണം. ഖുർആനും സുന്നത്തുമാകുന്ന അടിസ്ഥാന പ്രമാണങ്ങളിൽ വന്നവയെ ഇപ്രകാരം ദുർബലപ്പെടുത്താൻ പാടില്ല. കാരണം ദുർബലപ്പെടുത്തപ്പെട്ട തെളിവിന് നിയമസാധുതയില്ലല്ലോ.

**രണ്ട്:** أن يكونا ظَنيَّيْن (രണ്ടും ഖണ്ഡിതമല്ലാത്തവ): ഒന്നുകിൽ അത് സൂചിപ്പിക്കുന്നതനുസരിച്ച് അല്ലെങ്കിൽ സ്ഥിരപ്പെടുന്നതിനനുസരിച്ചായിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ അവക്കിടയിൽ ഒന്നിന് മുൻഗണന നല്കുകയും പിന്നീട് മുൻഗണന നല്കിയതിനെ പരിഗണിക്കുകയുമാണ് ചെയ്യേണ്ടത്.

---

[1] 14. ഉദാഹരണത്തിന് അല്ലാഹു പറയുന്നു: ''നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും'' (അൽ ഹ ദീദ്:4)

[2] ഉദാഹരണത്തിന് അല്ലാഹു പറയുന്നു: ''അല്ലാഹു സത്യവിശ്വാസികളുടെ കൂടെതന്നെയാണ്.'' (അൽ അൻഫാൽ:19)

**മൂന്ന്:** أن يكون أحدهما قطعياً والآخر ظنياً (ഒന്ന് ഖണ്ഡിതവും മറ്റേത് ഖണ്ഡിതമല്ലാത്തതുമായവ): ഇത്തരം സന്ദർഭങ്ങളിൽ ഖണ്ഡിതമായതിന് മുൻഗണന നല്കേണ്ടതാകുന്നുവെന്നതിൽ എല്ലാവരും ഏകോപിച്ചിരിക്കുന്നു. കാരണം ഉറപ്പായ അറിവിനെ വിശ്വാസയോഗ്യമല്ലാത്ത അറിവുകൊണ്ട് തള്ളാവതല്ല.

ഇത് മനസ്സിലായാൽപിന്നെ നമുക്ക് പറയാനുള്ളത്: അല്ലാഹു അവന്റെ സത്തകൊണ്ട് തന്നെ സൃഷ്ടികൾക്കു മുകളിൽ സിംഹാസനാരോഹിതനായിരിക്കുന്നുവെന്നതും അവൻ അവരോടൊപ്പ മാണെന്നതും പ്രമാണങ്ങൾകൊണ്ട് സ്ഥിരപ്പെട്ടതാകുന്നുവെന്നതിൽ സന്ദേഹമില്ല. ഇതുരണ്ടും ഖണ്ഡിതമായതാണു താനും. ഇത് രണ്ടും അല്ലാഹു ഒരായത്തിൽ തന്നെ സമന്വയിപ്പിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

هُوَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۚ يَعْلَمُ مَا يَلِجُ فِى ٱلْأَرْضِ وَمَا يَخْرُجُ مِنْهَا وَمَا يَنزِلُ مِنَ ٱلسَّمَآءِ وَمَا يَعْرُجُ فِيهَا ۖ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ

''ആകാശങ്ങളും ഭൂമിയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവനാണ് അവൻ. പിന്നീട് അവൻ സിംഹാസനനായി. ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽ നിന്നു പുറത്തുവരുന്നതും, ആകാശ ത്തുനിന്നിറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ടുതാനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റികണ്ടറിയുന്നവനാകുന്നു.'' (അൽഹദീദ്: 4)

ഈ ആയത്തിൽ അല്ലാഹു എല്ലാ സൃഷ്ടികൾക്കും മുകളിൽ സിംഹാസനനാണെന്നും അവൻ നമ്മോടൊപ്പമാണെന്നും സ്ഥാപിച്ചിരിക്കുന്നു. ഇവക്കിടയിൽ പരസ്പരവൈരുധ്യമില്ല. കാരണം അവ രണ്ടിനും തമ്മിൽ യോജിപ്പിക്കാവുന്നതാണ്. അതിനുള്ള മാർഗങ്ങൾ:

**ഒന്ന്:** ഒരേ അല്ലാഹു സിംഹാസനാരോഹിതനാണെന്നതും അതേ സമയം അവൻ നമ്മോടൊപ്പമുണ്ടെന്നും പ്രമാണങ്ങൾ സ്ഥിരീകരിച്ചിരിക്കെ അതു രണ്ടും ചേർന്നുവരിക എന്നത് അസംഭവ്യമാണെന്ന് പറയാൻ പാടില്ലാത്തതാകുന്നു. എന്തുകൊണ്ടെന്നാൽ അസംഭവ്യമായ കാര്യങ്ങൾ വിവരിക്കുന്നതല്ല പ്രമാണങ്ങൾ. അങ്ങനെ വല്ലവരും വിചാരിക്കുന്നുവെങ്കിൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു. ആകയാൽ അവർ സത്യത്തിലെത്തിച്ചേരാൻ പരിശ്രമിക്കുകയും അല്ലാഹുവിനോട് അതിനു സഹായവും സന്മാർഗവും തേടുകയും പുനർവിചിന്തനം നടത്തുകയും ചെയ്യേണ്ടതാകുന്നു. അങ്ങനെ സത്യം മനസ്സിലാക്കിക്കഴിഞ്ഞാൽ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യട്ടെ. അല്ലാത്ത പക്ഷം അത് വ്യക്തമായി അറിയുന്ന അല്ലാഹുവിൽ ഭരമേല്പിക്കുകയും ഇപ്രകാരം പയുകയും ചെയ്തുകൊള്ളട്ടെ.

آمنا به كلٌّ من عند ربنا

''ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു.''

سبحانك لا علم لنا إلا ما علمتنا إنك أنت العليم الحكيم

''നിനക്ക് സ്തോത്രം. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും.''

**രണ്ട്:** ഇതുരണ്ടും വിപരീതമാകുന്നില്ല. എന്തുകൊണ്ടെന്നാൽ ഒപ്പമുണ്ടാകുക എന്നത് പരസ്പരം കൂടിക്കലർന്നിരിക്കുകയോ ഒരു സ്ഥലത്ത് ഇറങ്ങിയിരിക്കുകയോ വേണമെന്നത് നിർബന്ധമാ ക്കുന്നില്ല. ചിലപ്പോൾ ഉയർന്ന സ്ഥലത്തുള്ള ഒരു വസ്തുവിനോടൊപ്പം താഴ്ഭാഗത്തുള്ളതിനെ ചേർത്തുപറയാം. ഉദാഹരണം ما زلنا نسير والقمرُ معنا ''ഞങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ചന്ദ്രനും

ഒപ്പമുണ്ടായിരുന്നു.'' ഇവിടെ ചന്ദ്രൻ ആകാശത്തായിട്ടും ഈ വാക്കിലും അർത്ഥത്തിലും വൈരുധ്യം കാണുന്നില്ല. ഇവിടെ അഭിസംബോധനം ചെയ്യപ്പെടുന്ന ആർക്കും എങ്ങനെയാണ് ചന്ദ്രൻ ഒപ്പമുണ്ടാകുന്നതെന്ന് അറിയുന്നതാണ്. ചന്ദ്രൻ ഭൂമിയിലാണുള്ളതെന്നാണ് ഇതുകൊണ്ടു ദ്ദേശിക്കപ്പെടുന്നതെന്ന് പറയാൻ സാധ്യമല്ല. ഇങ്ങനെ സൃഷ്ടികൾക്കിടയിൽ ഇത് ഒരുമിച്ച് വരാമെങ്കിൽ ചന്ദ്രനെയും നമ്മെയും മറ്റെല്ലാറ്റിനെയും സൃഷ്ടിച്ചു പരിപാലിക്കുന്ന എല്ലാ വിധേനയും ഉന്നതനായ അല്ലാഹു ഒരേ സമയം ആകാശത്തിൽ സിംഹാസനനും അതോടൊപ്പം സൃഷ്ടികളുടെ കൂടെയുമായിരിക്കൽ യാതൊരു പ്രയാസവുമില്ലാത്തതാകുന്നു.

**മൂന്ന്:** ഇനി സൃഷ്ടികളെ സംബന്ധിച്ചിടത്തോളം العلو (ഉയരത്തായിരിക്കലും) المعية (ഒപ്പമുണ്ടായിരിക്കലും) തമ്മിൽ വൈരുധ്യമുണ്ടാകൽ അനിവാര്യമാണെങ്കിൽത്തന്നെ അത് സ്രഷ്ടാവിനെ സംബന്ധിച്ചിടത്തോളം അത്തരമൊരവസ്ഥ ഉണ്ടാകുന്നില്ല. കാരണം അല്ലാഹുവിന്റെ യാതൊരു വിശേഷണഗുണങ്ങളിലും അവനു തുല്യമായ യാതൊന്നുമില്ല. എന്നിരിക്കെ അല്ലാഹു അവന്റെ സൃഷ്ടികളുടെ കൂടെയാണെന്നത് സൃഷ്ടികളെപ്പോലെ താരതമ്യം ചെയ്യുവാനോ അവരോടൊപ്പം ഏതെങ്കിലുമൊരു സ്ഥലത്ത് ഇറങ്ങിയിരിക്കുകയാണെന്ന് വിശ്വസിക്കുവാനോ പാടില്ല. കാരണം അല്ലാഹുവിന്റെ സൃഷ്ടികളിൽ യാതൊന്നും അവനെ വലയം ചെയ്യുന്നില്ല. എന്നാൽ അല്ലാഹു എല്ലാ സൃഷ്ടികളെയും വലയം ചെയ്തിരിക്കുന്നു.

ഇങ്ങനെ അല്ലാഹു സിംഹാസനനായിരിക്കുന്നതോടൊപ്പം നമസ്കരിക്കുന്നവരുടെ മുന്നിലു ണ്ടെന്നതും തമ്മിൽ പല രീതിയിൽ യോജിപ്പിക്കാവുന്നതാണ്.

**ഒന്ന്:** ഇവ പ്രമാണങ്ങളിൽ സ്ഥിരീകരിക്കപ്പെട്ടതാകുന്നു. പ്രമാണങ്ങളിൽ വൈരുധ്യങ്ങളു ണ്ടാവുകയില്ല.

**രണ്ട്:** ഇവ രണ്ടിനുമിടയിൽ വൈരുധ്യമില്ല. ചില സന്ദർഭങ്ങളിൽ മുകളിലുള്ള ഒരു വസ്തു അഭിമുഖമായിരിക്കാം. കാരണം അഭിമുഖമായിരിക്കുക എന്നതിന് നേരെ എതിർ വശത്തായിരി ക്കണമെന്നില്ല. ഒരാൾ ഉദയ സമയത്ത് സൂര്യനെ നോക്കി അതെന്റെ മുഖത്തിനുനേരെയാകുന്നു എന്നു പറയാറുണ്ടല്ലോ. യഥാർത്ഥത്തിൽ സൂര്യൻ ആകാശത്താണെങ്കിലും ഈ വാക്കിന്റെ ഘടന യിലോ അർത്ഥത്തിലോ വൈരുധ്യമില്ല. അപ്പോൾ സൃഷ്ടികളെക്കുറിച്ച് ഇങ്ങനെ പറയാമെങ്കിൽ സ്രഷ്ടാവിന്റെ കാര്യത്തിൽ കൂടുതൽ അർഹതപ്പെട്ടതാകുന്നു.

**മൂന്ന്:** ഇനി സ്രഷ്ടികളെ സംബന്ധിച്ചിടത്തോളം ഇവ രണ്ടിനുമിടിൽ വൈരുധ്യമുണ്ടെന്ന് വരികയാണെങ്കിൽ അത് സ്രഷ്ടാവിനെ സംബന്ധിച്ചേടത്തോളം ആ അനിവാര്യത ഉണ്ടാകുന്നില്ല. കാരണം അല്ലാഹുവിന്റെ വിശേഷ ഗുണങ്ങളിൽ അവനുതുല്യമായി യാതൊന്നുമില്ല. എന്നിരിക്കെ അല്ലാഹു അവന്റെ സൃഷ്ടികളുടെ കൂടെയാണെന്നത് സ്രഷ്ടികളെപ്പോലെ താരതമ്യം ചെയ്യുവാനോ അവരോടൊപ്പം ഏതെങ്കിലുമൊരു സ്ഥലത്ത് ഇറങ്ങിയിരിക്കുകയാണെന്ന് വിശ്വസിക്കുവാനോ പാടില്ല. കാരണം അല്ലാഹു സിംഹാസനനായിരിക്കുന്നതിനാൽ നമസ്കരിക്കുന്നവരുടെ മുന്നിലുണ്ടാകുക എന്നത് നമസ്കരിക്കുന്നവന്റെ മുന്നിലെ ചുമരിനു നേരെയായിരിക്കണമെന്ന് വരുന്നില്ല. മാത്രമല്ല സൃഷ്ടികളിൽ യാതൊന്നും അവനെ വലയം ചെയ്യുന്നില്ല. അവനാകട്ടെ എല്ലാ സൃഷ്ടികളെയും വലയം ചെയ്യുന്നവനുമാകുന്നു.